പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 5515 — 06.07.2012 ൽ മറുപടിയ്ക്ക്

# എഞ്ചിനിയർമാരെ തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് മാറ്റി നിയമിക്കൽ

ചോദ്യം : ശ്രീ. ജി. എസ്. ജയലാൽ

ഉത്തരം: ശ്രീ.പി.ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി)

(എ) 2008-ൽ ജലസേചന വകുപ്പിൽ നിന്നും തദ്ദേശസ്വയംഭരണ വകുപ്പിലേക്ക് എഞ്ചിനീയർമാരെ മാറ്റി നിയമിച്ചിരുന്നുവോ ; എങ്കിൽ എത്ര എഞ്ചിനീയർമാരെ ഇപ്രകാരം തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് മാറ്റിയെന്ന് അറിയിക്കുമോ ;

(എ) 2008-ൽ ജലസേചന വകുപ്പിൽ നിന്നും തദ്ദേശ സ്വയംഭരണ വകുപ്പിലേയ്ക്ക് എഞ്ചിനീയർമാരെ മാറ്റി നിയമിച്ചിരുന്നു.

| | | |
|---|---|---|
| സൂപ്രണ്ടിംഗ് എഞ്ചിനീയർ | – | 3 |
| എക്സിക്യൂട്ടീവ് എഞ്ചിനീയർ | – | 11 |
| അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ | – | 70 |
| അസിസ്റ്റന്റ് എഞ്ചിനീയർ | – | 199 |
| ഫസ്റ്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | – | 200 |
| സെക്കന്റ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | – | 224 |
| തേർഡ് ഗ്രേഡ് ഡ്രാഫ്റ്റ്സ്മാൻ | – | 400 |
| ആകെ | | 1107 |

ആകെ 1107 സാങ്കേതിക വിഭാഗം ജീവനക്കാരെയാണ് തദ്ദേശസ്വയംഭരണ വകുപ്പിലേയ്ക്ക് സ്ഥിരമായി മാറ്റി നിയമിച്ചത്.

(ബി) ഇത്തരത്തിൽ ജലസേചന വകുപ്പിൽ നിന്നും എഞ്ചിനീയർമാരെ മറ്റൊരു വകുപ്പിലേയ്ക്ക് മാറ്റി നൽകുമ്പോൾ ഇതേക്കുറിച്ച് പഠനം നടത്താറുണ്ടോ ; എങ്കിൽ 2008-ൽ എന്ത് പഠനമാണ് നടത്തിയതെന്നും അതിലെ ശുപാർശ എന്തായിരുന്നുവെന്നും അറിയിക്കുമോ ;

(ബി) 2008-ൽ എഞ്ചിനീയർമാരെ മാറ്റി നിയമിച്ചപ്പോൾ യാതൊരുവിധ പഠനവും നടത്തിയിരുന്നില്ല. ജലസേചന വകുപ്പ് കൈകാര്യം ചെയ്തിരുന്ന ചില പ്രവർത്തികൾ തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറും എന്ന ധാരണയിലായിരുന്നു പുനർവിന്യാസം.

5/9/2003-ലെ സർക്കാർ ഉത്തരവ് നം.269/2003/തസ്വഭവ നെ അടിസ്ഥാനമാക്കിയായിരുന്നു 2008-ൽ എഞ്ചിനിയർമാരെ സ്ഥിരമായി തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയത്.

→ 2

(സി) ജലസേചന വകുപ്പിൽ നിന്നും എഞ്ചിനീയർമാരെ മാറ്റി നൽകുമ്പോൾ പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ കാര്യങ്ങളിലും പ്രൊമോഷൻ ഉൾപ്പെടെയുള്ള കാര്യങ്ങളിലും ഉണ്ടാകാവുന്ന പ്രശ്നങ്ങൾ ശ്രദ്ധിച്ചിട്ടുണ്ടോ ; വിശദാംശം അറിയിക്കുമോ ?

(സി) ജലസേചന വകുപ്പിൽ നിന്നും സ്ഥിരപുനർവിന്യാസം വഴി തദ്ദേശ സ്വയംഭരണ വകുപ്പിൻ കീഴിലുള്ള എഞ്ചിനീയറിംഗ് വിഭാഗത്തിലേയ്ക്കായിരുന്നു ജീവനക്കാരെ മാറ്റി നൽകിയത്. ആയതിനാൽ പ്രസ്തുത ജീവനക്കാരുടെ സർവ്വീസ് സംബന്ധമായ പ്രശ്നങ്ങൾ പുതിയ വകുപ്പാണ് കൈകാര്യം ചെയ്യുന്നത്.

സെക്ഷൻ ഓഫീസർ